**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - നാല്പത്തിയഞ്ചാമത് മഹാത്മ അയ്യൻകാളി ജലോത്സവം വെള്ളായണി 2019 തിരുവനന്തപുരം - സംഘാടനത്തിന് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത്/നഗരസഭകളിൽ നിന്നുള്ള ധനസഹായം - യഥേഷ്ടാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

**സ.ഉ.(സാധാ) നം.2035/2019/ത.സ്വ.ഭ.വ.** തിരുവനന്തപുരം, തീയതി: 20/09/2019

---

പരാമർശം:- അയ്യൻകാളി ജലോത്സവ സംഘാടക സമിതി പ്രസിഡന്റിന്റെ കത്ത്.

**ഉത്തരവ്**

2019 സെപ് റ്റംബർ 11 ,12 ,13 തീയതികളിൽ തിരുവനന്തപുരം വെള്ളായണി കായലിൽ നടന്ന നാല്പത്തിയഞ്ചാമത് മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനും ഓണം ടൂറിസം വാരാഘോഷത്തിനുമായി സമീപ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് സാമ്പത്തിക സഹായം നൽകണമെന്ന് അയ്യൻകാളി ജലോത്സവ സംഘാടക സമിതി പ്രസിഡന്റ് പരാമർശ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2019 സെപ് റ്റംബർ 11 ,12 ,13 തീയതികളിൽ തിരുവനന്തപുരം വെള്ളായണി കായലിൽ നടന്ന നാല്പത്തിയഞ്ചാമത് മഹാത്മ അയ്യൻകാളി ജലോത്സവത്തിന്റെ സംഘാടനത്തിനും ഓണം ടൂറിസം വാരാഘോഷത്തിനുമായി തിരുവനന്തപുരം നഗരസഭയിൽ നിന്നും തിരുവനന്തപുരം ജില്ലാ പഞ്ചായത്തിൽ നിന്നും ഒന്നരലക്ഷം രൂപ വീതവും, നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിൽ നിന്ന് ഒരു ലക്ഷം രൂപയും, ജലമേള നടന്ന കല്ലിയൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും ഒരു ലക്ഷം രൂപയും, നേമം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 50000/- രൂപയും(അമ്പതിനായിരം രൂപ), ബാലരാമപുരം, മാറനല്ലൂർ, വെങ്ങാനൂർ, പള്ളിച്ചൽ, മലയിൻ കീഴ്, വിളവൂർ ക്കൽ , വിളപ്പിൽ എന്നീ ഗ്രാമ പഞ്ചായത്തുകളിൽനിന്നും നിന്നും 25000/- രൂപ(ഇരുപത്തയ്യായിരം രൂപ) വീതവും, അതാത് തദ്ദേശ സ്ഥാപനങ്ങളുടെ തനതു ഫണ്ടിൽനിന്നും, കമ്മറ്റി തീരുമാനത്തിന് വിധേയമായി, അയ്യൻ കാളി ജലോത്സവ സംഘാടകസമിതിക്ക് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഇതിനാൽ ഉത്തരവാകുന്നു.

സംഭാവന നൽകുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ടി ജലോത്സവ സമിതി കൺവീനർ ആഡിറ്റ് ചെയ്ത വരവുചെലവു കണക്കുകളുടെ അടിസ്ഥാനത്തിൽ ധനവിനിയോഗ സാക്ഷ്യപത്രം നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)

**ബീനമോൾ കെ ജെ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ /ജില്ലാ പഞ്ചായത്ത് (പകർപ്പ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട നഗരസഭകൾ (പകർപ്പ് നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം മുഖേന)

ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്ത് (പകർപ്പ് ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം മുഖേന)

പ്രസിഡന്റ്, അയ്യൻകാളി ജലോത്സവ സംഘാടക സമിതി, വെള്ളായണി; ഊക്കോട് പി.ഒ, തിരുവനന്തപുരം

ഡയറക്ടർ, സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ & എ), കേരള, തിരുവനന്തപുരം.

എക്സി. ഡയറക്ടർ & ചെയർമാൻ, ഇൻഫർമേഷൻ കേരള മിഷൻ, (തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കേണ്ടതാണ്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

*ഉത്തരവിൻ പ്രകാരം,*

*സെക്ഷൻ ഓഫീസർ.*